# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4061 24/06/2019-ൽ മറുപടിയ്ക്ക്

**പട്ടികവർഗക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന വികസനപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ) | |
| (എ) | ഈ സർക്കാർ കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; | (എ) യും (ബി) യും | കുറ്റ്യാടി മണ്ഡലത്തിൽ പട്ടിക വർഗ്ഗ കോളനികൾ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.<br>കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. താഴെ പറയുന്ന 2 കോളനികളെ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>(എ) മീനത്തുകര പട്ടികജാതി കോളനി, മണിയൂർ ഗ്രാമ പഞ്ചായത്ത്<br>(ബി) അംബേദ്ക്കർ കോളനി വെള്ളൂർക്കര, തിരുവള്ളൂർ പഞ്ചായത്ത്<br>2. പ്രളയത്തിൽ നാശം സംഭവിച്ച മണിയൂർഗ്രാമ പഞ്ചായത്തിലെ മങ്കര എസ്.സി കോളനിയുടെ പുനർ നിർമ്മാണ പ്രവർത്തനത്തിനായി 10,50,961/- രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.<br>ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ പേര്, ഓരോന്നിനും അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അനുവദിച്ച തുകയിൽ എത്ര ശതമാനം ഇതിനകം വിനിയോഗിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | മീനത്തുകര പട്ടികജാതി കോളനി വികസനം - റോഡ് പ്രവൃത്തി പൂർത്തിയായി. വീട് അറ്റകുറ്റ പ്രവൃത്തി, ടോയിലറ്റ്, സംരക്ഷണഭിത്തി, പശു തൊഴുത്ത്, എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഏകദേശം 40% പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (ഡി) | പദ്ധതികൾ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകും; പദ്ധതി പൂർത്തിയാക്കുന്നതോടെ കൈവരിക്കാവുന്ന പ്രധാന നേട്ടങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | യും<br>(ഡി)<br>യും | അംബേദ്കർ വെള്ളൂർക്കര എസ്.സി കോളനി വികസനം - വീട് അറ്റകുറ്റ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. സംരക്ഷണ ഭിത്തി, ഫുട്പാത്ത്, റോഡ് വർക്ക് പുരോഗമിക്കുന്നു. ഏകദേശം 42% പ്രവൃത്തികൾ പൂർത്തിയായി<br>പ്രളയം മൂലം നാശം സംഭവിച്ച മങ്കര എസ്.സി കോളനി പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| | പ്രവർത്തിയുടെ പേര് | ഭരണാനുമതി നൽകപ്പെട്ട തുക |
|---|---|---|
| 1 | മീനത്തുകര പട്ടികജാതി കോളനി വികസനം അംബേദ്ക്കർ ഗ്രാമം | 94,89,327/- |
| 2 | അംബേദ്ക്കർ വെള്ളൂർക്കര എസ്.സി കോളനി വികസനം അംബേദ്ക്കർ ഗ്രാമം | 93,58,874/- |
| 3 | മങ്കര പട്ടികജാതി വികസന കോളനി പ്രളയം മൂലം നാശം സംഭവിച്ച കോളനികളുടെ പുനരുദ്ധാരണം | 10,50,961/- |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

1. **മീനത്തുകര എസ്.സി കോളനി വികസനം** ആഗസ്റ്റ് 15 ഓടെ പൂർത്തികരിക്കാനാകും - നേട്ടങ്ങൾ - കോളനിയിലെ 42 വീടുകളുടെ അറ്റകുറ്റപണികൾ, 12 സംരക്ഷണഭിത്തികൾ, 4 ഫുട്പാത്ത്, 1 റോഡ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും.

2. **വെള്ളൂർക്കര എസ്.സി കോളനി വികസനം** ആഗസ്റ്റ് 15 ഓടെ പൂർത്തികരിക്കാനാകും - നേട്ടങ്ങൾ - 46 വീടുകളുടെ റിപ്പയർ, 13 സംരക്ഷണ ഭിത്തി, 27 ടോയിലറ്റ്, 4 പശുതൊഴുത്ത്, 3 ഫുട്പാത്ത് നിർമ്മാണം, 1 റോഡ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും.

3. **മങ്കര എസ്.സി കോളനി വികസനം - പ്രവൃത്തി ആരംഭിച്ചിട്ടില്ല.**

**മറ്റ് ക്ഷേമ പദ്ധതികൾ**

| പദ്ധതികൾ | ഭവനം | പഠന മുറി | വിവാഹം | മിശ്ര വിവാഹം | ഭൂമി | ഭവന പുനരുദ്ധാരണം | ചികിത്സ | സ്വയം തൊഴിൽ | ഏകവരുമാനദായക സഹായം | അയ്യങ്കാളി | കൃഷി ഭൂമി |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 663 | 448 | 42 | 334 | 228 | 88 | 97 | 2 | 11 | 99 | 11 |
| തുക | 14840000 | 44320000 | 2475000 | 23275000 | 10500000 | 5500000 | 2951000 | 155000 | 50000 | 440500 | 11000000 |

സെക്ഷൻ ഓഫീസർ